# പതിനാലാം കേരള നിയമസഭ
# പതിനഞ്ചാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.4371** **25.06.2019 ൽ മറുപടിക്ക്**

## പത്തനംതിട്ട റിംഗ് റോഡിലെ അനധികൃത കയ്യേറ്റങ്ങൾ

| **ചോദ്യം**<br>**ശ്രീമതി.വീണാ ജോർജ്ജ്** | **മറുപടി**<br>**ശ്രീ.ജി.സുധാകരൻ**<br>**(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി)** |
|---|---|
| (എ) പൊതുമരാമത്ത് രേഖകൾ പ്രകാരം പത്തനംതിട്ട ടൗണിലെ റിംഗ് റോഡിന്റെ വീതി എത്രയാണെന്ന് വ്യക്തമാക്കാമോ; | (എ) പൊതുമരാമത്ത് രേഖകൾ പ്രകാരം പത്തനംതിട്ട ടൗണിലെ റിംഗ് റോഡിന്റെ വീതി 18 മീ. മുതൽ 22 മീ. വരെയാണ്. |
| (ബി) റിംഗ് റോഡിൽ സർവ്വേ നടത്തി കല്ലുകൾ ഇടുന്ന പ്രവൃത്തി പൂർത്തിയായിട്ടുണ്ടോ എന്ന് അറിയിക്കാമോ; | (ബി) പൂർത്തിയായിട്ടില്ല. |
| (സി) റിംഗ് റോഡിൽ പൊതുമരാമത്ത് വക സ്ഥലത്ത് എത്രത്തോളം അനധികൃത കയ്യേറ്റങ്ങൾ ഉണ്ടെന്ന് വിശദമാക്കാമോ;<br>(ഡി) അനധികൃത കയ്യേറ്റങ്ങൾ ഒഴിപ്പിക്കുവാൻ നടപടി സ്വീകരിക്കുമോ എന്നറിയിക്കാമോ? | (സി) & (ഡി) റിംഗ് റോഡിൽ പൊതുമരാമത്ത് വക സ്ഥലത്ത് രണ്ട് കെട്ടിടങ്ങളും ഒരു മതിലും കൈയേറി നിർമ്മിച്ചിട്ടുണ്ട്. അവ പൊളിച്ച് മാറ്റുന്നതിന് നോട്ടീസ് നൽകിയിട്ടുണ്ട്. സർവ്വെ പൂർത്തീകരിക്കുന്ന മുറക്ക് കയ്യേറ്റങ്ങൾ ഒഴിപ്പിക്കുന്നതാണ്. |

**സെക്ഷൻ ഓഫീസർ**